പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ.246

11.10.2011ൽ
മറുപടിക്ക്

## ലാന്റ് ബാങ്ക് രൂപീകരണം

ചോദ്യം
ശ്രീ.ചിറ്റയം ഗോപകുമാർ :
ശ്രീ.ഇ.ചന്ദ്രശേഖരൻ :
ശ്രീ.കെ.രാജു :

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു.റവന്യൂ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 'ലാൻഡ് ബാങ്ക്' രൂപീകരിച്ചത് എന്നാണ് ; | (എ) | 21.6.2007-ലെ സർക്കാർ ഉത്തരവ്(ആർ.റ്റി)നമ്പർ 2563/2007/റവന്യൂ ഉത്തരവ് പ്രകാരമാണ് ലാന്റ് ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. ലാന്റ് ബാങ്കിന്റെ ഔദ്യോഗിക ഉത്ഘാടനം 18.2.2010 തീയതിയിൽ ബഹു.മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത ബാങ്കിൽ എത്ര ഹെക്ടർ ഭൂമിയുണ്ട് ; പ്രസ്തുത ബാങ്കിലുള്ള ഭൂമിയിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ആവശ്യങ്ങൾക്ക് ഭൂമി കൊടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര ഹെക്ടർ ; എന്തെല്ലാം ആവശ്യങ്ങൾക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | റവന്യൂ വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയുടെ വിവരങ്ങളാണ് ഇപ്പോൾ ലാന്റ് ബാങ്ക് മുഖേന ശേഖരിച്ചിട്ടുള്ളത്. ഇപ്രകാരം 70,868.5652 ഹെക്ടർ ഭൂമി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമികൾ തരംതിരിക്കുന്ന ജോലികൾ (അതായത് പൊതു ആവശ്യങ്ങൾക്ക് മാറ്റി വയ്ക്കേണ്ടവ, ഭൂരഹിതർക്ക് പതിച്ചു നൽകേണ്ടവ തുടങ്ങിയവ) ആരംഭിച്ചിട്ടില്ല. ഇപ്രകാരമുള്ള തരംതിരിക്കൽ പൂർത്തിയായാൽ മാത്രമേ പൂർണ്ണമായും ലാന്റ് ബാങ്ക് മുഖേന പതിവ് നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമികൾ പതിച്ച്/പാട്ടത്തിന് നൽകുന്നത് ഇപ്പോഴും അതത് അധികാരികൾ തന്നെയാണ്. |
| (സി) | ലാൻഡ് യൂട്ടിലിറ്റി ബാങ്ക് കൂടി സ്ഥാപിക്കാനുള്ള ഉദ്ദേശമുണ്ടോ ; എങ്കിൽ പ്രസ്തുത ബാങ്കിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ